(ബി) കൈമാറ്റം ചെയ്ത പദ്ധതികൾ നടപ്പിലാക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതുപോലെ തന്നെ പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവ പ്രകാരമുള്ള പദ്ധതികളുടെ രൂപീകരണത്തിനും, അംഗീകരിക്കുന്നതിനും, നടപ്പിലാക്കുന്നതിനും വളരെ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ സംസ്ഥാന പ്ലാനിംഗ് ബോർഡും, സർക്കാരും പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധതലത്തിലുള്ള കമ്മിറ്റികളും ഉണ്ട്. പദ്ധതികൾ ഗ്രാമസഭ, ഊരുകൂട്ടം, വർക്കിംഗ് ഗ്രൂപ്പ്, സാങ്കേതിക സമിതി, ഡി. പി. സി. തുടങ്ങിയവ വിവിധ ഘട്ടങ്ങളിൽ പരിശോധിക്കുന്നുണ്ട്. നടത്തിപ്പ് വിലയിരുത്തുന്നതിന് മോണിറ്ററിംഗ് സംവിധാനം നിലവിലുണ്ട്. അതിനുപുറമേ പദ്ധതികൾ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് പ്രയോജനകരമാണെന്നും, മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെന്നും കാണിക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരിൽ നിന്നും ലഭിച്ചതിനുശേഷമേ പദ്ധതികൾ അന്തിമമായി അംഗീകരിക്കാൻ പാടുള്ളു എന്ന നിബന്ധനയും നിലവിലുണ്ട്. ഇതിനെല്ലാം പുറമേ ജില്ലാതല പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ കമ്മിറ്റിയേയും പദ്ധതികൾ അവലോകനം ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പട്ടികജാതി-പട്ടിക വർഗ്ഗ വികസന വകുപ്പ് ഉദ്യോഗസ്ഥന്മാരും, എസ്. സി. പ്രൊമോട്ടർമാർ, ട്രൈബൽ പ്രൊമോട്ടർമാർ എന്നിവരും പദ്ധതി നടത്തിപ്പുകൾ പരിശോധിക്കുന്നുണ്ട്.

(സി) സർക്കാർ ബഡ്ജറ്റിൽ വകയിരുത്തി നൽകുന്ന പണം വിനിയോഗിച്ചാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രധാനമായും പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നത് അതുകൊണ്ട് തന്നെ ചെലവഴിച്ച തുകയുടെ വിവരം. സർക്കാരിനെ അറിയിക്കേണ്ടതുണ്ട്. ജില്ലാതലത്തിൽ ഇവ ശേഖരിച്ചു പരിശോധിക്കുന്നതിന് വേണ്ട സംവിധാനം നിലവിലുണ്ട്. ഇപ്പോൾ ഈ രീതിയിൽ വിവരങ്ങൾ സംസ്ഥാനതലത്തിൽ ശേഖരിച്ചു സർക്കാരിനും സംസ്ഥാന ആസൂത്രണ ബോർഡിനും നൽകി വരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡിൽ നിന്നും ഓരോ വർഷവും ചെലവഴിക്കുന്ന തുകയുടെ കണക്ക് വകുപ്പിന് ലഭ്യമാക്കേണ്ടതാണെങ്കിലും കണക്കുകൾ യഥാസമയം ലഭിക്കാറില്ല. കൈമാറ്റം ചെയ്ത പദ്ധതികളുടെ കണക്കുകൾ വകുപ്പിനെ അറിയിക്കേണ്ടതാണ്. എന്നാൽ പലപ്പോഴും അവർ ഇക്കാര്യത്തിൽ കൃത്യനിഷ്ഠ പാലിക്കാറില്ല. കണക്കുകൾ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് പരിശോധിക്കണമെന്ന ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ ശുപാർശ സർക്കാർ അംഗീകരിച്ചു ഉത്തരവായിട്ടുണ്ട്.

പട്ടികവർഗ്ഗക്ഷേമത്തിനായി കൈക്കൊണ്ട നടപടികൾ

138 (1030) ശ്രീ. കെ. കെ. ഷാജു :

ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ ക്ഷേമത്തിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത നടപടി എത്ര ആദിവാസി കുടുംബങ്ങൾക്ക് ഗുണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ വിഭാഗങ്ങളെ സംബന്ധിക്കുന്ന വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് അഭിപ്രായം പ്രകടിപ്പിക്കുവാനും തീരുമാനം എടുക്കുവാനും പട്ടികവർഗ്ഗ വികസനത്തിന് മാറ്റിവച്ചിട്ടുള്ള വിഭവങ്ങളുടെ വിനിയോഗത്തിൻമേൽ നിർണ്ണായകമായ അധികാരവും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകികൊണ്ട് അവരുടെ യഥാർത്ഥ അംഗീകാരത്തിന് ഉതകുന്ന വിധത്തിൽ നടപടികൾ കൈക്കൊള്ളുകയുണ്ടായി. പട്ടികവർഗ്ഗ ഉപ പദ്ധതി ആസൂത്രണത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും മോണിറ്ററിംഗ് നടത്തുന്നതിനുംവേണ്ടിയുള്ള ഊരുകൂട്ടങ്ങൾ എല്ലാ പട്ടികവർഗ്ഗ സങ്കേതങ്ങളിലും രൂപീകരിക്കുകയുണ്ടായി. കൂടാതെ ഭൂരഹിത പട്ടികവർഗ്ഗക്കാരുടെ പുനരധിവാസ പരിപാടികൾ നടപ്പാക്കുന്നതിലേയ്ക്ക് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുകയും അതിലേയ്ക്കുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനും നിർവ്വഹണം നൽകുന്നതിനുമായി ഒരു ട്രൈബൽമിഷൻ രൂപീകരിച്ചു പ്രവർത്തിക്കുന്നുണ്ട്. ട്രൈബൽ മിഷന്റെ പ്രവർത്തനഫലമായി 1429 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 2255.58 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ ക്ഷേമത്തിനുള്ള താഴെ പറയുന്ന പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നു.

1. പട്ടികവർഗ്ഗ മേഖലയിൽ കുടുംബശ്രീ പരിപാടി
2. വിവരസാങ്കേതിക വിദ്യയിൽ പരിശീലനം
3. പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി
4. ധാന്യ ബാങ്കുകൾ
5. അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സെർച്ച് സ്കീം
6. സി. ബി. എസ്. ഇ. പ്രകാരമുള്ള എം. ആർ. എസ്സുകൾ
7. മൈനർ സർജറിക്കുള്ള സൗകര്യം ഉൾപ്പെടെ എല്ലാ ആധുനിക ചികിത്സാ സൗകര്യങ്ങളുമുള്ള എട്ടു മൊബൈൽ ക്ലിനിക്കുകൾ ആദിവാസി മേഖലയിൽ ആരോഗ്യസംരക്ഷണത്തിനായി ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കൃത്യമായി കണക്കാക്കിയിട്ടില്ല. എന്നാൽ എല്ലാ ആദിവാസി കുടുംബങ്ങളേയും ഉദ്ദേശിച്ചാണ് ഇത് നടപ്പാക്കുന്നത്.

മഞ്ചേരി മണ്ഡലത്തിൽ പട്ടികവർഗ്ഗ ക്ഷേമത്തിന് ചെലവാക്കിയ തുക

139 (1031) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി അസംബ്ലി നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ ക്ഷേമത്തിനായി ഈ സർക്കാർ ഇതുവരെയായി എത്ര തുക ചെലവഴിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly